തിരുനെല്ലി ക്ഷേത്രത്തിലേക്കുള്ള റോഡ് നന്നാക്കാൻ നടപടി

73 [3799] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് ക്ഷേത്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുനെല്ലി ക്ഷേത്രത്തിൽ എത്തിച്ചേരുന്നതിനായി മെയിൻ റോഡിൽനിന്നും 360 മീറ്റർ റോഡും ചെറിയ പാലവും നന്നാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇക്കാര്യം വിനോദസഞ്ചാരവകുപ്പിന്റെ പരിഗണനയിലാണ്.

മലബാർ ദേവസ്വം ബിൽ നിയമമാക്കുന്നതിനുള്ള നടപടി

74 [3800] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേത്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബിൽ നിയമമാക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ:

(ബി) ഇത് സംബന്ധിച്ച ഗവൺമെന്റ് നിലപാട് അറിയിക്കുമോ?

ഉത്തരം

(എ) ബിൽ നിയമസഭയുടെ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്.

(ബി) മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കണം എന്ന നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. അതിനാലാണ് ഇതിനുള്ള ബിൽ സഭയിൽ അവതരിപ്പിച്ചത്. സഭ ഇത് സെലക്ട് കമ്മിറ്റിയ്ക്ക് വിടുകയായിരുന്നു.

കുറുവന്തട്ടകഴകം പുമാല ഭഗവതി ക്ഷേത്രത്തിലെ പാരമ്പര്യ ജീവനക്കാർക്ക് ശമ്പള കുടിശ്ശിക നൽകുവാൻ നടപടി

75 [3801] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേത്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ രാമന്തളിയിലെ കുറുവന്തട്ടകഴകം പുമാല ഭഗവതി ക്ഷേത്രത്തിലെ പാരമ്പര്യ ജീവനക്കാർക്ക് നാല് വർഷത്തെ ശമ്പള കുടിശ്ശിക നൽകാനുണ്ടെന്നത് സംബന്ധിച്ച് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) തുച്ഛമായ വേതനംപറ്റി ജോലി ചെയ്യുന്ന പ്രസ്തുത ജീവനക്കാർക്ക് 2002-ലെ ശമ്പള കുടിശ്ശിക മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ജീവനക്കാർക്ക് മുഴുവൻ ശമ്പള കുടിശ്ശികയും നൽകുവാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2002 വരെയുള്ള വർഷങ്ങളിലെ ശമ്പള കുടിശ്ശിക നൽകിയിട്ടുണ്ട്.

(സി) ബാക്കിയുള്ള തുക ഉടനടി കൊടുത്ത് തീർക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചു വരുന്നുണ്ട്.

മകരവിളക്കിന് സന്നിധാനത്ത് എത്തുന്നവർക്ക് കുടിവെള്ളം, വാഹന പാർക്കിംഗ് സൗകര്യങ്ങൾ

76 [3802] ശ്രീ. ഡൊമനിക് പ്രസന്റേഷൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, വി. ഡി. സതീശൻ:

,, ടി. വി. ചന്ദ്രമോഹൻ:

,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ മകരവിളക്കിന് സന്നിധാനത്ത് എത്ര പേരെത്തിയിരുന്നു;

(ബി) ഇവരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ സ്ഥലമെവിടെ ആയിരുന്നു;

(സി) വാഹനം പാർക്ക് ചെയ്തശേഷം നിലയ്ക്കലെത്താൻ എത്ര കിലോ മീറ്റർ നടക്കണമായിരുന്നു;

(ഡി) ഇവരുടെ വാഹനം പമ്പവരെ വരുന്നതിന് തടസ്സം ഏർപ്പെടുത്തിയത് എന്തിനായിരുന്നു;

(ഇ) മകരവിളക്കിന്റെ തലേദിവസവും അന്നും പിറ്റേദിവസവും നിലയ്ക്കൽ മുതൽ സന്നിധാനം വരെ തിങ്ങിക്കൂടിയ ആളുകൾക്ക് കുടിവെള്ളം നൽകാൻ ഏർപ്പാടുണ്ടായിരുന്നോ;

(എഫ്) എങ്കിൽ എത്ര സമയത്തേക്ക് കുടിവെള്ള വിതരണമുണ്ടായിരുന്നു;

(ജി) ഇനിയെങ്കിലും തീർത്ഥാടകർക്ക് മകര വിളക്കിന് തലേന്നും അന്നും പിറ്റേദിവസവും കുടിവെള്ളം കൊടുക്കാൻ ഏർപ്പാടുണ്ടാക്കുമോ;

(എച്ച്) തീർത്ഥാടകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നവിധത്തിലുള്ള പാർക്കിംഗ് ഏർപ്പാട് അവസാനിപ്പിക്കുമോ?

ഉത്തരം

(എ) ഏകദേശം മൂന്നുകോടി തീർത്ഥാടകർ എത്തിയിരുന്നു എന്ന് കണക്കാക്കുന്നതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly